"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- അങ്കണവാടികളിൽ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങി നൽകിയത്-ഇക അനുവദിച്ചത്-വകുപ്പ തലവന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.105/2024/WCDD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. വനിതാ ശിശു വികസന ഡയറക്ടറുടെ 25/02/2022 ലെ ICDS/A5/9765/2021 നമ്പർ ഉത്തരവ്
2. വനിതാ ശിശു വികസന ഡയറക്ടറുടെ 19/10/2022 തീയതിയിലെ ICDS/A5/9765/2021 നമ്പർ നമ്പർ കത്ത്
3. വെള്ളനാട് അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസറുടെ 18-01-2023 ലെ ICDS/ARND/257/2022 നമ്പർ കത്ത്
4. വനിതാ ശിശു വികസന ഡയറക്ടറുടെ 26.06.2023 തീയതിയിലെ DWCD/526/2023-ICDSA5 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ അങ്കണവാടികളും തുറന്നു പ്രവർത്തിക്കാൻ സർക്കാർ നിർദ്ദേശം നൽകിയ സാഹര്യത്തിലും, കോവിഡ് 19 രോഗവ്യാപനം തുടരുന്ന സാഹചര്യത്തിലും അങ്കണവാടികളിലെത്തുന്ന കുട്ടികളുടെ സുരക്ഷ മുൻനിർത്തി ഓരോ അങ്കണവാടികൾക്കും കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങി നൽകേണ്ടത് വളരെ അത്യാവശ്യമായിരുന്നതിനാലും ഒരു അങ്കണവാടിയ്ക്ക് 1000 രൂപ നിരക്കിൽ ആകെ 33115 അങ്കണവാടികൾക്ക് 3,31,15,000/- രൂപ 31-ാമത് ഐസിഡിഎസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന ഡയറക്ടറുടെ പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിയ്ക്കുകയുണ്ടായി.

(2) അങ്കണവാടികളിൽ തുറന്നു പ്രവർത്തിക്കണമെന്ന സർക്കാർ നിർദ്ദേശം ഉണ്ടായതിനാലും, സാമ്പത്തിക വർഷം അവസാനിക്കുവാൻ വളരെ കുറച്ചു ദിവസങ്ങൾ മാത്രം അവശേഷിച്ചിരിക്കുന്ന സാഹചര്യത്തിൽ കോവിഡ് പ്രതിരോധ സാമഗ്രികൾ സ്റ്റോർ പർച്ചേസ് നിബന്ധനകൾ പ്രകാരം വാങ്ങേണ്ടതുമായതിനാലും അടിയന്തിര സാഹര്യത്തിൽ സർക്കാരിൽ അനുമതി തേടുന്നത് കാലതാമസം ഉണ്ടാക്കുമെന്നതിനാൽ സർക്കാരിൽ നിന്നും അനുമതി തേടിയിരുന്നില്ല എന്നും എല്ലാ അങ്കണവാടികൾക്കും കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങി വിതരണം ചെയ്യുന്നതിന് 2235-02-102-47 (പി)-34 അദർ ചാർജസ്സ് ശീർഷകത്തിൽ നിന്നും ഒരു അങ്കണവാടിയ്ക്ക് 1000 രൂപ നിരക്കിൽ 33115 അങ്കണവാടികൾക്ക് ആകെ 3,31,15,000/- രൂപ

സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ അടിയന്തര സാഹചര്യത്തിൽ ചെലവഴിക്കേണ്ടി വന്ന നടപടി 23-09-2022 ൽ നടന്ന 32-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ സാധൂകരണത്തിനായി സമർപ്പിക്കുകയും, കമ്മിറ്റി അംഗീകരിക്കുകയും, ടി കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതായും കോവിഡ് മഹാമാരി നിലനിന്നിരുന്ന സാഹചര്യത്തിൽ അങ്കണവാടികളിലെത്തുന്ന കുട്ടികളുടെ സുരക്ഷ മുൻനിർത്തി എല്ലാ അങ്കണവാടികൾക്കും കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ 3,31,15,000/- (മൂന്ന് കോടി മുപ്പത്തിഒന്ന് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) രൂപ ചെലവഴിക്കേണ്ടി വന്ന നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) കൂടാതെ വെള്ളനാട് അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ കത്തിൽ വെള്ളനാട് സബ്ട്രഷറിയുമായി ബന്ധപ്പെട്ട് 2022 മാർച്ച് മാസത്തെ ട്രാൻസാക്ഷൻ പരിശോധിച്ചതിൽ 2235-02-102-47-00-34-OC എന്ന ശീർഷകത്തിൽ നിന്നും അങ്കണവാടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള കോവിഡ് പ്രിവന്റീവ് കിറ്റിനുള്ള തുക 1,14,000/- രൂപ 26-03-2022 ൽ ട്രഷറിയിൽ നിന്നും പാസ് ആയെങ്കിലും അക്കൗണ്ട് നമ്പറിലെ പിഴവുമൂലം തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആകാതെ തിരികെ ബിംസിൽ വരുകയും തുടർന്ന് 2235-02-102-47-00-34 OC ശീർഷകത്തിലേക്ക് പോയി എന്നും പ്രസ്തുത സാഹചര്യത്തിൽ കൺസ്യൂമർഫെഡിൽ നിന്നും ക്രഡിറ്റ് വ്യവസ്ഥയിൽ വാങ്ങിയിട്ടുള്ള ബില്ലുകൾക്ക് അടിയന്തരമായി തുക നൽകേണ്ടതുള്ളതിനാൽ പ്രസ്തുത തുക 1,14,000/- (ഒരു ലക്ഷത്തി പതിനാലായിരം രൂപ മാത്രം) രൂപ അനുവദിച്ച് നൽകണമെന്നും പരാമർശം (4) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 സാമ്പത്തിക വർഷം എല്ലാ അങ്കണവാടികൾക്കും കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ 2235-02-102-47(പി)-34 അദർചാർജസ്സ് ശീർഷകത്തിൽ 3,31,15,000/- (മൂന്ന് കോടി മുപ്പത്തിഒന്ന് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയ വകുപ്പുതലവന്റെ നടപടിക്ക് സാധൂകരണം നൽകിയും, പ്രസ്തുത വർഷം ടി പദ്ധതിയ്ക്കായി മേൽ ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുള്ളതും എന്നാൽ അക്കൗണ്ട് നമ്പറിലെ പിഴവുമൂലം ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആകാതെ തിരികെ സർക്കാരിലേക്ക് വന്നിട്ടുള്ളതുമായ 1,14,000/-(ഒരു ലക്ഷത്തി പതിനാലായിരം രൂപ മാത്രം) രൂപ 2235-02-102-18-05 ശീർഷകത്തിലെ നടപ്പ് വർഷ വിഹിതത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നല്കിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [ WCD-1/18/2022-FIN (E:2252111) ]

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 16-03-2024 13:39:28

സെക്ഷൻ ഓഫീസർ